# CAREER Updates
# പത്രവൃത്താന്തം

**16.09.2024 (തിങ്കൾ)**



- 2024 സെപ്തംബറിൽ കേരള കർഷക കടാശ്വാസ കമ്മിഷൻ ചെയർമാനായി നിയമിതനായത്
  - ✔ കെ. എബ്രഹാം മാത്യു
  - കാർഷിക വിദഗ്ദ്ധനായ എൻ.യു. ജോൺ കുട്ടി, കർഷക പ്രതിനിധികളായ അഡ്വ. കെ.ആർ. രാജൻ, പി.എം. ഇസ്മയിൽ, കെ.സി. വിജയൻ, ജോസ് പാലത്തിനാൽ, സഹകരണ മേഖലയിൽ നിന്ന് കെ.എം. ദിനകരൻ എന്നിങ്ങനെ ആറ് പേരാണ് ചെയർമാനെ കൂടാതെ കേരള കർഷക കടാശ്വാസ കമ്മിഷൻ അംഗങ്ങളായി നിയമിതരായത്.

- 2024 സെപ്തംബറിൽ കമ്മിഷൻ ചെയ്യപ്പെട്ട, അന്തർവാഹിനികളിൽ നിന്ന് അടിയന്തര സാഹചര്യത്തിൽ ക്രൂ അംഗങ്ങളെ രക്ഷപ്പെടാൻ പരിശീലിപ്പിക്കുന്ന കേന്ദ്രം
  - ✔ വിനേത്ര
  - ആത്മനിർഭർ ഭാരത് എന്ന ആശയത്തിന്റെ ഭാഗമായി പൂർണ്ണമായും തദ്ദേശീയമായി രൂപകല്പന ചെയ്ത പരിശീലന കേന്ദ്രമാണ് വിനേത്ര. വിശാഖപട്ടണത്തെ ഐ.എൻ.എസ്. ശതവാഹിനിയിലാണ് വിനേത്രയുടെ കമ്മിഷനിംഗ് നടന്നത്.

CAREER GUIDANCE BUREAU

- അന്താരാഷ്ട്ര ഓസോൺ ദിനമായി ആചരിക്കപ്പെടുന്നത്
  - ✔ സെപ്തംബർ 16
  - 'മോൺട്രിയൽ പ്രോട്ടോക്കോൾ: കാലാവസ്ഥാ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു' എന്നതാണ് 2024-ലെ അന്താരാഷ്ട്ര ഓസോൺ ദിനത്തിന്റെ പ്രമേയം.

- രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ 2024 ആഗസ്റ്റ് മാസത്തിലെ ഏറ്റവും മികച്ച പുരുഷ താരമായി തിരഞ്ഞെടുത്തതാരെ?
  - ✔ ദുനിത് വെല്ലലഗെ (ശ്രീലങ്ക)
  - രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ 2024 ആഗസ്റ്റ് മാസത്തിലെ ഏറ്റവും മികച്ച വനിതാ താരമായി തിരഞ്ഞെടുത്തത് ഹർഷിത സമരവിക്രമയെ (ശ്രീലങ്ക) ആണ്.

- കടുത്ത വരൾച്ചയും ഭക്ഷ്യക്ഷാമവും നേരിടുന്ന സാഹചര്യത്തെ മറികടക്കുന്നതിനായി നമീബിയയ്ക്ക് പിന്നാലെ ആനകളെ കൊല്ലുന്നതിന് അനുമതി നൽകിയ രാജ്യം
  - ✔ സിംബാബ്‌വെ

- 2024 സെപ്തംബറിൽ നിപ വൈറസ് ബാധിച്ചുള്ള മരണം സ്ഥിരീകരിക്കപ്പെട്ട കേരളത്തിലെ ജില്ല
  - ✔ മലപ്പുറം

- സർദാർ സരോവർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നത് കാരണം ഗ്രാമങ്ങൾ മുങ്ങുന്നതിൽ പ്രതിഷേധിച്ച് 2024 സെപ്തംബറിൽ ജലസത്യഗ്രഹം പ്രഖ്യാപിച്ച പ്രശസ്ത പരിസ്ഥിതി പ്രവർത്തക
  - ✔ മേധ പട്കർ


**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999